"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോട്ടക്കൽ നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നമ്പർ- VC - 05/2024/MPM - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.സുഗതകമാർ എം - അന്വേഷണ വിധേയമായി സേവനത്തിൽനിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1550/2024/LSGD തീയതി,തിരുവനന്തപുരം, 19-08-2024

പരാമർശം:- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.05.2024 തീയതിയിലെ C5 (VC-5/2O24/MPM)18886/2024/DVACB നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭ പരിധിയിലെ കോട്ടകുളം എന്ന സ്ഥലത്ത് ഭൂമി തരം മാറ്റി റോഡ് നിർമിച്ചതിലെ ക്രമക്കേടിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC -05/2024/MPM നമ്പർ കേസ് രജിസ്റ്റർ ചെയ്തിരുന്നു. 2020-2021 വർഷത്തിൽ കോട്ടക്കൽ നഗരസഭയിലെ കോട്ടകുളം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി നഗരസഭ നീക്കിവച്ച 74 സെന്റ് ഭൂമിയിലൂടെ ടി സ്ഥലത്തിന് പടിഞ്ഞാറ് ഭാഗത്തുള്ള സ്വകാര്യവ്യക്തികൾക്ക് സാമ്പത്തിക ലാഭമുണ്ടാക്കി കൊടുക്കുക എന്ന ദുരുദ്ദേശത്തോടെ ഒരു പുതിയ റോഡ് നിർമ്മിക്കുക വഴി 9.40 സെന്റ് സ്ഥലം നഗരസഭക്ക് നഷ്ടം വരുത്തുകയും, റോഡ് നിർമ്മാണത്തിനായി സ്വകാര്യവ്യക്തി നൽകിയ 2.82 സെന്റ് ഭൂമിയിൽ നിന്നും 0.89 സെന്റ് സ്ഥലം മാത്രം റോഡ് പണിക്കായി ഉപയോഗിക്കുക വഴി വീണ്ടും 1.97 സെന്റ് സ്ഥലം കൂടി നഷ്ടപ്പെടുത്തുകയും ചെയ്തുവഴി നഗരസഭയുടെ ആസ്തിയിലുള്ള സ്വത്തുവകകൾ നഷ്ടപ്പെടുത്തി ദുരുപയോഗം ചെയ്യുക വഴി ഒന്നാം പ്രതിയായ മുൻ കോട്ടക്കൽ നഗരസഭ സെക്രട്ടറി ശ്രീ.സുഗതകമാർ.എം ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കുറ്റകരമായ നടപടി ദൂഷ്യം ചെയ്തു എന്നതാണ് കേസിനസ്പദമായ വിഷയം. ടി റോഡ് നിർമാണത്തിന്റെ ബാക്കിയുള്ള തുക 4,84,531/- പ്രോജെക്ടിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്താതെ മറ്റൊരു പ്രവർത്തിക്കു വേണ്ടി സാങ്കേതിക വിഭാഗം വകയിരുത്തിയത് ക്രമപ്രകാരമല്ല എന്നും വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട് .

2. കേസിലെ ഒന്നാം പ്രതിയായ മുൻ കോട്ടക്കൽ നഗരസഭ സെക്രട്ടറി ശ്രീ.സുഗതകമാർ.എം നിലവിൽ ഏറ്റുമാനൂർ നഗരസഭ സെക്രട്ടറി ആയി ജോലി ചെയ്തു വരികയാണെന്നും കേസിന്റെ സ്വതന്ത്രവും നീതിപൂർവകവുമായ അന്വേഷണത്തിന് ഒന്നാം പ്രതി സർവീസിൽ തുടരുന്നത് തടസ്സമാകും എന്നതിനാൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശപ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭ പരിധിയിലെ കോട്ടകുളം എന്ന സ്ഥലത്ത് ഭൂമി തരം മാറ്റി റോഡ് നിർമിച്ചതിലെ

ക്രമക്കേടിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത VC - 05/2024/MPM നമ്പർ കേസിലെ ഒന്നാം പ്രതിയായ മുൻ കോട്ടക്കൽ നഗരസഭ സെക്രട്ടറി ശ്രീ.സുഗതകമാർ എം, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III - യെ വിജിലൻസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1960 -ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽനിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ശ്രീ.സുഗതകമാർ എം, (മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III), (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ/ചെയർപേഴ്സൺ, ഏറ്റുമാനൂർ നഗരസഭ
വിജിലൻസ്(എഫ്) വകുപ്പ് ( VIG-f1/382/2023/VIG)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/145/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-08-2024 16:39:13
സെക്ഷൻ ഓഫീസർ